# NuMATS ഉപജില്ലാതല പരീക്ഷ 2017–2018

# മാതൃകാ ചോദ്യപേപ്പർ - 6

## ഭാഗം: എ

## ക്വിസ്

**സമയം: 30 മിനിട്ട്**

**സ്കോർ - 10**

**നിർദ്ദേശങ്ങൾ:**

- **ഓരോ ചോദ്യത്തിന്റെയും ഉത്തരം കുട്ടികൾ കടലാസിൽ എഴുതണം. ഈ കടലാസ് വാങ്ങി വയ്ക്കണം.**
- **ഓരോ കുട്ടിക്കും കിട്ടിയ ആകെ സ്കോർ ബോർഡിൽ പ്രദർശിപ്പിക്കണം. (സ്ഥാനങ്ങൾ പ്രഖ്യാപിക്കേണ്ടതില്ല)**

1. തേനറകളുടെ ആകൃതി എന്ത്?
2. ഒരു ഗ്രാമത്തിലെ ജനസംഖ്യ 4000 ആയിരുന്നു. 10 വർഷം കൊണ്ട് ജനസംഖ്യ 7000 ആയി. എങ്കിൽ ജനസംഖ്യാ വർദ്ധനവിന്റെ ശതമാനം എത്ര?
3. 5 സെക്കന്റ് ഒരു മണിക്കൂറിന്റെ എത്ര ഭാഗം?
4. 0.99 നോട് എത്ര കൂട്ടിയാൽ ഒന്നുകിട്ടും?
5. 1001 ന്റെ ഒന്ന് ഒഴികെയുള്ള ഒരക്കസംഖ്യയായ ഒരു ഘടകം.
6. 5 കി.ഗ്രാം ആപ്പിളിന്റെ 4/5 ഭാഗം ആദ്യ ദിവസം ഉപയോഗിച്ചു. ബാക്കിയുള്ളതിന്റെ 1/2 ഭാഗം രണ്ടാം ദിവസം ഉപയോഗിച്ചു മിച്ചമുള്ള ആപ്പിളിന്റെ അളവെത്ര?
7. 1 മുതൽ 99 വരെയുള്ള ഒറ്റസംഖ്യകളുടെ തുക എത്ര?
8. ഒരു ക്ലോക്ക് ഒരു മണിയാകുമ്പോൾ ഒരു മണി, 2 മണിക്ക് 2 മണി എന്ന രീതിയിൽ ബെൽ മുഴക്കുന്നു. എങ്കിൽ 24 മണിക്കൂറാകുമ്പോൾ എത്ര മണി ശബ്ദങ്ങൾ കേൾക്കും?
9. വശത്തിന്റെ നീളം 10 സെ. മീ. ഉള്ള ഒരു സമചതുരത്തിന്റെ ഒരു മൂലയിൽ നിന്ന് വശത്തിന് 2 സെ. മീ. നീളമുള്ള ഒരു സമചതുരം വെട്ടി മാറ്റി. അവശേഷിക്കുന്ന രൂപത്തിന്റെ ചുറ്റളവ് എത്ര?
10. 0 മുതൽ 99 വരെയുള്ള സംഖ്യകൾ എഴുതുമ്പോൾ ഏറ്റവും കുറച്ചുതവണ എഴുതുന്ന അക്കം ഏത്?

## ഭാഗം: ബി

## കുറിപ്പ് തയാറാക്കുക

**സമയം: 30 മിനിട്ട്**

**സ്കോർ - 10**

**വിഷയം:** ഭാജ്യസംഖ്യകളും അഭാജ്യസംഖ്യകളും

# ഭാഗം: സി

## പ്രായോഗിക പരീക്ഷ

ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.


**സമയം: 30 മിനിട്ട്**

**സ്കോർ – 15**


**നിർദ്ദേശങ്ങൾ: (അദ്ധ്യാപകർക്ക്)**

- **ചോദ്യപേപ്പറിൽ കാണുന്ന ചിത്രത്തിൽ തന്നിരിക്കുന്ന അതേ അളവുകളിൽ ഒരു ചിത്രം കുട്ടികൾ വരയ്ക്കണം / നിർമ്മിക്കണം ഇതിനായി ചിത്രം എല്ലാ കുട്ടികളും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം. ആവശ്യമെങ്കിൽ ചാർട്ട് വരച്ച് കാണിക്കണം.**
- **ചിത്രം വരയ്ക്കുന്നതിന് / നിർമ്മിക്കുന്നതിന് മുമ്പോ അതിന് ശേഷമോ വരയ്ക്കുന്ന രീതിയെക്കുറിച്ച് ഒരു വിശദീകരണ കുറിപ്പ് കുട്ടികൾ തയ്യാറാക്കണം. അതിനുള്ള നിർദേശം നൽകണം. ഇത് ഒരു കടലാസിൽ എഴുതി വാങ്ങണം.**
- **ചിത്രം വരയ്ക്കുന്നതിനും അളവുകൾ അളന്നെഴുതുന്നതിനും നിർദേശം നൽകണം.**

1. താഴെ കൊടുത്തിരിക്കുന്ന ചിത്രം വരയ്ക്കുക. സമചതുരത്തിന്റെ ഒരുവശത്തിന്റെ നീളം എന്ത്? അതിന്റെ പരപ്പളവ് കണ്ടെത്തുക.



2. തന്നിരിക്കുന്ന ചിത്രത്തിലെ കോണുകൾ അളന്നെഴുതുക.



3. 5 സെ.മീ. വശങ്ങളുള്ള ഒരു സമചതുരപ്പെട്ടി നിർമ്മിക്കുന്നതെങ്ങനെ? അനുയോജ്യമായ സാമഗ്രികളുപയോഗിച്ച് സമചതുരപ്പെട്ടി നിർമ്മിക്കുക? അതിന്റെ ഉള്ളളവ് കാണുക?

## ഭാഗം: ഡി

# പ്രശ്നാപഗ്രഥന ചോദ്യങ്ങൾ

**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**നിർദ്ദേശങ്ങൾ:**

- **ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്.**
- **കുട്ടി ഉത്തരത്തിലെത്തിച്ചേർന്ന വഴി ഉത്തര കടലാസിൽ എഴുതേണ്ടതാണ്.**
- **ഉത്തരത്തിലെത്തിച്ചേർന്ന ഓരോ ഘട്ടവും സൂക്ഷ്മമായി വിലയിരുത്തി സ്കോർ നൽകേണ്ടതാണ്.**

1. നീളം 15 മീറ്ററും ഉയരം 8 മീറ്ററും കനം 20 സെ.മീ. ഉം ഉള്ള ഒരു ഭിത്തി നിർമ്മിക്കാൻ 30 സെ.മീ X 10 സെ.മീ. X 5 സെ.മീ. അളവുള്ള എത്ര ഇഷ്ടിക വേണം?
2. 8 സംഖ്യകളുടെ ശരാശരി 40 ആണ്. ഇതിൽ ആദ്യത്തെ രണ്ട് സംഖ്യകളുടെ ശരാശരി 15.5 ആണ്. അടുത്ത മൂന്ന് സംഖ്യകളുടെ ശരാശരി $\frac{64}{3}$ ആണ്. അടുത്ത സംഖ്യകളുടെ ശരാശരി എത്ര?
3. വിജയപുരം സ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ 40% പേർ സ്കൂൾ ബസിലാണ് വരുന്നത്. ബാക്കി കുട്ടികളിൽ 90 പേർ സൈക്കിളിൽ വരുന്നു. സൈക്കിളിൽ എത്തുന്നവരുടെ $\frac{1}{3}$ ഭാഗം കാൽനടയായി സ്കൂളിൽ എത്തുന്നു. സ്കൂളിൽ ആകെ എത്ര കുട്ടികൾ പഠിക്കുന്നു.
4. 5,6,7 എന്നീ ക്ലാസ്സുകളിലെ കുട്ടികളെ സ്കൂൾ ഗ്രൗണ്ടിൽ നിരത്തി നിർത്തിയിരിക്കുന്നു. 5–ാം ക്ലാസ്സിൽ 48 ഉം 6–ാം ക്ലാസ്സിൽ 40 ഉം 7–ാം ക്ലാസ്സിൽ 32 ഉം കുട്ടികളാണുള്ളത്. ഓരോ ക്ലാസ്സിന്റെയും വരികളുടെയും എണ്ണം വ്യത്യസ്തമാണെങ്കിലും ഓരോ വരിയിലും നിർത്തിയിരിക്കുന്ന കുട്ടികളുടെ എണ്ണം തുല്യമാണ്. ഒരു വരിയിൽ എത്ര കുട്ടികളുണ്ട്?